# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിന്റെ പ്രതീകം

VOL. 18 No. 08 PUBLISHED FROM DELHI PRICE Rs. 3/- AUGUST 2014


## ബീഹാറിൽ വി.ബി.എസ്

**കോച്ചസ്:** കോച്ചസ് ചൈൽഡ് ഡെവലപ്മെന്റ് സെന്ററിന്റേയും ഐ.സി.എം. അക്കാദമി സെന്ററിന്റെയും നേതൃത്വത്തിൽ ജൂലെ 26 മുതൽ 30 വരെ കോച്ചസ് ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളിലും സെൻഡിയൂർ ഗ്രാമത്തിലെ ഐ.സി.എം. അക്കാദമി സെന്ററിലും വി.ബി.എസ്. നടത്തപ്പെട്ടു. ആവേശഭരിതരായ കുട്ടികളും മികവുറ്റ അധ്യാപകരും ഈ വി.ബി.എസ്സിന്റെ പ്രത്യേകതയായിരുന്നു. 250 കുഞ്ഞുങ്ങൾ കോച്ചസിലും 96 കുഞ്ഞുങ്ങൾ സെൻഡിയൂരിലും വി.ബി.എസ്സിൽ പങ്കെടുത്തു.

ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് ബീഹാർ കോ-ഓഡിനേറ്റർ പാസ്റ്റർ രജനീകാന്ത് വി.ബി.എസ്. ഉദ്ഘാടനം ചെയ്തു സംസാരിച്ചു. “വഴി ഒരുക്കുക” (Prepare the Way) എന്നതായിരുന്നു ഈ വർഷത്തെ ചിന്താവിഷയം. പ്രഗത്ഭനായ വി.ബി.എസ്. പ്രവർത്തകൻ സജ്ഞയ് കുമാർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി പാട്ടുകൾ, ചെറുകഥകൾ, ആക്ഷൻ സോംഗ്സ് എന്നിവ പഠിപ്പിച്ചു. പ്രാപ്തരായ പത്ത് അധ്യാപകർ വേദപഠനത്തിന് നേതൃത്വം നൽകി. പ്രോജക്ട് മാനേജർ വിനോദ് കുമാറും, മിസ്സിസ് നിഡാൻ ഗഗരിയും, സ്കൂൾ അദ്ധ്യാപകരും, സി.ഡി. സി പ്രവർത്തകരും വി.ബി.എസ്സിന് മികച്ച നേതൃത്വം നൽകി സ്തുത്യർഹ സേവനം കാഴ്ചവെച്ചു.

സമാപന സമ്മേളനത്തിൽ ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് ബീഹാർ കോ-ഓഡിനേറ്റർ പാസ്റ്റർ രജനീകാന്ത് മുഖ്യസന്ദേശം നൽകി. തുടർന്ന് വി.ബി.എസ് കുഞ്ഞുങ്ങളുടേയും അധ്യാപകരുടേയും അതിഥികളുടേയും വർണ്ണശബളമായ പരിപാടികൾ അരങ്ങേറി.

സെൻഡിയൂരിൽ നടന്ന വി.ബി.എസ്സിന് പ്രോജക്ട് മാനേജർ വിനോദ് കുമാർ, പാസ്റ്റർ കേദാർ മസി, വി.ബി.എസ്. പ്രവർത്തകൻ സജ്ഞയ് കുമാർ എന്നിവർ നേതൃത്വം നൽകി. പാട്ടുകൾ, ചെറുകഥകൾ, ആക്ഷൻ സോംഗ്സ്, സ്കിറ്റ് എന്നിവ പരിശീലിപ്പിച്ചു. സമാപന ദിവസം ഗ്രാമവാസികളുടെ മുൻമ്പിൽ കുഞ്ഞുങ്ങൾ വിവിധ പ്രോഗ്രാമുകൾ അവതരിപ്പിച്ചു.



*വിബിഎസ്സിൽ കുഞ്ഞുങ്ങൾ അവതരിപ്പിച്ച താലന്തു പ്രദർശനത്തിന്റെ ദൃശ്യം*

## പാസ്റ്റർ ജോർജ് ഉമ്മൻ നിത്യതയിൽ



**1933 – 2014**

**പത്തനാപുരം:** ഇന്ത്യാപെന്തക്കൊസ്ത് ദൈവസഭാ സീനിയർ ശുശ്രൂഷകനും പ്രമുഖ വേദാധ്യാപകനുമായ പത്തനാപുരം ശാന്തി ഭവനത്തിൽ പാസ്റ്റർ ജോർജ് ഉമ്മൻ (81) നിത്യതയിൽ പ്രവേശിച്ചു.

പുത്തൻകാവ് തലവടി പീടികയിൽ കുടുംബാംഗവും ഐ.പി.സി. സ്ഥാപക നേതാവും സഭയുടെ പ്രസിഡന്റുമായിരുന്ന പരേതനായ പാസ്റ്റർ റ്റി. ജി. ഉമ്മന്റെ മകനാണ്. ഐ.പി.സി. സ്റ്റേറ്റ് സെക്രട്ടറി, വൈസ് പ്രസിഡന്റ്, മിഷൻ ബോർഡ് ചെയർമാൻ, പുന്നവേലി-അഞ്ചൽ സെന്റർ ശുശ്രൂഷകൻ, ബൈബിൾ സൊസൈറ്റി കേരള ഓക്സിലിയറി വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

നിലവിൽ സഭയുടെ പുനലൂർ സെന്റർ പാസ്റ്ററും കൊട്ടാരക്കര മേഖലാ വൈസ് പ്രസിഡന്റും സ്റ്റേറ്റ് കൗൺസിൽ പ്രസ്ബിറ്ററി അംഗവും തിയോളജിക്കൽ ബോർഡ് ചെയർമാനുമായിരുന്നു. ആറു പതിറ്റാണ്ടോളം സുവിശേഷ പ്രവർത്തനത്തിൽ സജീവമായിരുന്നു. തൃശൂർ കുട്ടാല ചുങ്കത്തിൽ അന്നമ്മാ ജോർജ് ആണ് ഭാര്യ. മക്കൾ: വിൽജി ഉമ്മൻ (അഡ്മിനിസ്ട്രേറ്റർ ഉമ്മൻ ഇൻസ്റ്റിറ്റൂട്ട് ഓഫ് തിയോളജി, പത്തനാപുരം), പാസ്റ്റർ ജയിംസ് ജോർജ്, (ഐ.പി.സി. എബൻഏസർ ഫ്ളോറിഡ), ഗ്രേസ് സജീവൻ മേഴ്സി ജോൺ(ന്യൂ തിയോളജിക്കൽ സെമിനാരി,ഡെറാഡൂൺ), ഏബ്രഹാം ജോർജ് (യു.കെ.).


*ഉൾപേജുകളിൽ...*

നമ്മുടെ കർത്താവ് വരാറായി പാസ്റ്റർഎം.സാമുവൽകുട്ടി (ഡൽഹി)

സഭയും സമൂഹവും: പാസ്റ്റർ മനോജ് തമ്പി (അടൂർ)

നശിക്കാത്ത നിക്ഷേപങ്ങൾ: പാസ്റ്റർ ബിനു ജോൺ (ഡൽഹി)


## അവസാനിക്കാത്ത യുദ്ധഭീഷണി

*ബി.പി.ജെ. ഡൽഹി*

**ഒന്നാം** ലോക മഹായുദ്ധത്തിന്റെ നൂറാം വാർഷികമായിരുന്നു കഴിഞ്ഞ ജൂലൈ 28 തിങ്കളാഴ്ച. ലോകം കണ്ട ആദ്യത്തെ മഹായുദ്ധമായിരുന്നു അത്. ഇതിന് പ്രധാനമായും വേദിയായത് യൂറോപ്യൻ വൻകരയാണ്. ദശലക്ഷക്കണക്കിന് ആളുകൾ കൊല്ലപ്പെട്ട ഈ സമ്പൂർണ്ണ യുദ്ധം ലോകക്രമത്തെ മാറ്റി മറിച്ചു. ഓസ്ട്രിയയ്ക്കും സെർബിയയ്ക്കും ഇടയിൽ ഉടലെടുത്ത സംഘർഷാവസ്ഥയാണ് ഒന്നാം ലോക മഹായുദ്ധം പൊട്ടിപുറപ്പെടുവാനുണ്ടായ പ്രധാന കാരണം. ഓസ്ട്രിയൻ കിരീടാവകാശിയായിരുന്ന ആർച്ച് ഡ്യൂക്ക് ഫ്രാൻസിസ് ഫെർഡിനാൻഡിനെയും ഭാര്യയെയും ഗ്രാവിലോ പ്രിൻസിപ് എന്നയാൾ 1914 ജൂൺ 28ന് ബോസ്നിയയുടെ തലസ്ഥാനമായ സരാജെവോയിൽ വച്ച് വെടിവച്ച് കൊന്നു. ഓസ്ട്രിയയിൽ നിന്നും ബോസ്നിയയുടെ സ്വാതന്ത്ര്യം ലക്ഷ്യമാക്കി പ്രവർത്തിച്ചിരുന്ന ‘കറുത്ത കൈ’ എന്ന സംഘടനയിലെ അംഗമായിരുന്നു ഗ്രാവിലോ. കൊലപാതകത്തിൽ സെർബിയയ്ക്കും പങ്കുണ്ടെന്ന് ആരോപിച്ച് 1914 ജൂലൈ 28 ന് ഓസ്ട്രിയ സെർബിയക്കെതിരെ യുദ്ധം പ്രഖ്യാപിച്ചു. ഇതേ തുടർന്ന് ഇരു പക്ഷത്തുമായി ലോകരാജ്യങ്ങൾ അണിനിരന്നു. അങ്ങനെ 1914 ജൂലൈ 28 ന് ആരംഭിച്ച ഒന്നാം ലോകമഹായുദ്ധം 1918 നവംബർ 11 അവസാനിച്ചു. ഈ യുദ്ധത്തിൽ ലക്ഷക്കണക്കിന് സാധാരണ ജനങ്ങൾ കൊല്ലപ്പെട്ടു, ഒരു കോടിയിലധികം പട്ടാളക്കാരും കൊല്ലപ്പെട്ടു, മൂന്ന് കോടിയിലധികം പട്ടാളക്കാർക്ക് ഗുരുതരമായി പരിക്കേറ്റു. കൂടാതെ രോഗവും പട്ടിണിയും കാരണം ലക്ഷക്കണക്കിനാളുകൾക്ക് ജീവൻ നഷ്ടമായി. അനേകം പട്ടണങ്ങൾ നാമാവശേഷമായി. കൃഷിയും വ്യവസായവും സമ്പദ് വ്യവസ്ഥയും തകർന്നു. യുദ്ധവും അതിന്റെ അനന്തര ഫലങ്ങളും മറ്റൊരു ലോക മഹായുദ്ധത്തിന് മൂലകാരണമായി എന്നതാണ് ഒന്നാം ലോകമഹായുദ്ധത്തിന്റെ ഏറ്റവും വലിയ പ്രത്യാഘാതം.

രണ്ടാം ലോക മഹായുദ്ധം 1939 മുതൽ 1945 വരെ നടന്നു. നാളിതുവരെ മനുഷ്യചരിത്രം കണ്ട ഏറ്റവും ഭീകരമായ ഈ പോരാട്ടത്തിൽ 72 ദശലക്ഷം പേർ മരണമടഞ്ഞു. ഇതിൽ 24 ദശലക്ഷം പേർ സൈനികരായിരുന്നു. എഴുപതിലേറെ രാജ്യങ്ങൾ തമ്മിൽ ഭൂഗോളത്തിന്റെ നാനാ ദിക്കിലുമായി നടന്ന ഈ യുദ്ധത്തിൽ അമേരിക്ക, സോവിയറ്റ് യൂണിയൻ, ചൈന, ബ്രിട്ടൺ, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങൾ ഉൾപ്പെട്ട സഖ്യകക്ഷികൾ ജർമ്മനി, ജപ്പാൻ, ഇറ്റലി എന്നീ രാജ്യങ്ങൾ നേതൃത്വം നൽകിയ അച്ചുതണ്ട് ശക്തികളെ പരാജയപ്പെടുത്തി.

1945 ജൂലൈ 16ന് മെക്സിക്കോയിലെ ഒരു മരുഭൂമിയിൽ വച്ച് അമേരിക്ക വിജയകരമായി തങ്ങളുടെ ആദ്യത്തെ അണുപരീക്ഷണം നടത്തി. ചിന്തിക്കാവുന്നതിലും വലിയ നശീകരണശേഷി അതിനുണ്ടാകുമെന്ന് മനസ്സിലാക്കിയ അമേരിക്ക രണ്ടാംലോക മഹായുദ്ധത്തിന്റെ അവസാനം കുറിക്കാനായി തങ്ങളുടെ നശീകരണ ശക്തി ജപ്പാനിൽ പ്രയോഗിക്കുവാൻ തീരുമാനിച്ചു. ദുർബലമായ രീതിയിൽ പ്രത്യാക്രമണങ്ങൾ നടത്തിക്കൊണ്ടിരുന്ന ജപ്പാനുമേൽ അമേരിക്കൻ പ്രസിഡന്റായിരുന്ന ട്രൂമാന്റെ നിർദ്ദേശപ്രകാരം 1945 ആഗസ്റ്റ് ആറിന് ശാന്തസമുദ്രത്തിലെ അമേരിക്കയുടെ നാവിക ബേസിൽ നിന്നും ലിറ്റിൽ ബോയ് എന്നു പേരിട്ട യുറേനിയം ആറ്റംബോംബുമായി പറന്നുപൊങ്ങിയ എനോലഗെ എന്ന യുദ്ധവിമാനം ജപ്പാൻ നഗരമായ ഹിരോഷിമയുടെ മുകളിൽ രാവിലെ 8:15 ന് എത്തുകയും ആ ബോംബ് വർഷിച്ച് മടങ്ങുകയും ചെയ്തു. 11 കിലോമീറ്റർ ചുറ്റളവിൽ അതിഭീകരമായ ഒരു അഗ്നിവലയം സൃഷ്ടിച്ച് സർവ്വനാശമാണ് അത് വരുത്തിവച്ചത്. ബോംബ് വീണ ഗ്രൗണ്ട് സീറോയ്ക്ക് 1.6 കിലോമീറ്റർ ചുറ്റളവിൽ 90% മനുഷ്യരും സെക്കന്റുകൾക്കുള്ളിൽ കത്തിച്ചാമ്പലായി. പലരും നിന്ന നിൽപ്പിൽ ആവിയായി മാറിപ്പോയി. നഗരത്തിൽ ഒഴുകിയിരുന്ന പുഴയും അരുവിയും തിളച്ചുമറിഞ്ഞു. അതിഭീകരവും അവിശ്വസനീയവുമായ ഉയരത്തിൽ തിളച്ചുയർന്ന കൂൺ മേഘം നഗരത്തെ മൂടി. തുടർന്ന് നഗരത്തിൽ കറുത്ത മഴ പെയ്തു. ഒരുലക്ഷത്തോളം ആളുകൾ തൽക്ഷണം മരിച്ചു. ഒന്നര ലക്ഷത്തോളം ആളുകൾ തുടർദിവസങ്ങളിൽ അണുവികിരണമേറ്റ് മരിച്ചു.

കീഴടങ്ങുവാനുള്ള അമേരിക്കയുടെ ശാസനയെ ജപ്പാൻ വകവയ്ക്കാതെയായതോടെ കൊല്ലുന്നതിൽ ഹരം കയറിയ അമേരിക്ക ആഗസ്റ്റ് 9ന് നാഗസാക്കി നഗരത്തിലും ഫാറ്റ്മാൻ എന്ന് പേരിട്ട പ്ലൂട്ടോണിയം ബോംബ് വർഷിച്ചു. ഹിരോഷിമയിലെന്നതുപോലെ സംഹാരതാണ്ഡവമാടിയ ആ അണു സ്ഫോടനത്തിലും നിമിഷങ്ങൾക്കുള്ളിൽ മുക്കാൽ ലക്ഷത്തോളം മനുഷ്യരാണ് ചാമ്പലായി മാറിയത്. ഈ രണ്ട് ആക്രമണങ്ങളും കഴിഞ്ഞ ശേഷം ജപ്പാനിലെ ഓരോ നഗരത്തിലും ഇത് ആവർത്തിക്കുമെന്ന് അമേരിക്ക ജപ്പാന് അന്ത്യശാസനം നൽകി. റഷ്യയും ജപ്പാനെതിരെ യുദ്ധപ്രഖ്യാപനവുമായി വന്നതോടെ മറ്റൊരു ഗത്യന്തരവുമില്ലാതെ ജപ്പാൻ പരാജയം സമ്മതിച്ചതായി ഹിരോഹിതോ ചക്രവർത്തി പ്രഖ്യാപിക്കുകയും 1945 സെപ്തംബർ 2ന് മിസ്സൌറി എന്ന യുദ്ധക്കപ്പലിൽ വച്ച് ഔദ്യോഗികമായി കീഴടങ്ങിയതായി സമ്മതിച്ചുകൊണ്ട് ഒപ്പുവയ്ക്കുകയും ചെയ്തു. രണ്ടാം ലോകമഹായുദ്ധം ആരംഭിച്ച് കൃത്യം 6 വർഷം പൂർത്തിയായപ്പോൾ ആയിരുന്നു മാനവചരിത്രത്തിലെ ഏറ്റവും വലിയ രക്തച്ചൊരിച്ചിലിന് ഇടയാക്കിയ ആ മഹായുദ്ധത്തിന് അന്ത്യമായത്.

ഒന്നാം ലോകമഹായുദ്ധത്തിനു ശേഷം നാളിതുവരെ


(ശേഷം രണ്ടാം പേജിൽ)

പത്രാധിപ ലേഖനം.......

# നമ്മുടെ കർത്താവ് വരാറായ്



ദൈവവചനത്തിൽ പറഞ്ഞിട്ടുള്ള അന്ത്യനാളുകളുടെ സവിശേഷതകൾ നിറവേറിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. 'ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും' (മത്തായി 24:7). കഴിഞ്ഞ നൂറ്റാണ്ടിൽ മാത്രം യുദ്ധങ്ങളിൽ കൊല്ലപ്പെട്ടവർ ദശലക്ഷങ്ങളാണ്. കഴിഞ്ഞ ഒരു മാസത്തോളമായി ഗാസയിൽ ഇസ്രയേൽ നടത്തുന്ന ആക്രമണങ്ങളിൽ രണ്ടായിരത്തോളം ആളുകൾ കൊല്ലപ്പെട്ടു. ഒമ്പതിനായിരത്തോളം ആളുകൾക്ക് പരിക്കേറ്റു. ഹമാസിന്റെ തുരങ്കങ്ങൾ പൂർണ്ണമായും നശിപ്പിക്കുംവരെ ആക്രമണം തുടരുമെന്ന് ഇസ്രയേൽ പ്രധാനമന്ത്രി ആവർത്തിച്ച് പ്രഖ്യാപിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ത്യയടക്കം പല രാജ്യങ്ങളുടെയും അതിർത്തികൾ സംഘർഷഭീതിയിലാണ്.

അന്ത്യനാളുകളുടെ അടുത്ത സവിശേഷത 'ക്ഷാമം ഉണ്ടാകും' (മത്തായി 24:7) എന്നതാണ്. കഴിഞ്ഞ മുപ്പത് വർഷങ്ങൾ കൊണ്ട് ഭക്ഷ്യോത്പാദനം വളരെയധികം വർദ്ധിച്ചിട്ടുണ്ടെന്നാണ് ഗവേഷകരുടെ അഭിപ്രായം. എന്നിട്ടും ക്ഷാമം തുടരുന്നു. കാരണം, ഭക്ഷണ സാധനങ്ങൾ വാങ്ങുവാൻ പലർക്കും വേണ്ടത്ര പണമില്ല, അല്ലെങ്കിൽ കൃഷി ചെയ്യുവാനുള്ള സ്ഥലമില്ല. വികസ്വര രാജ്യങ്ങളിൽ നൂറുകോടിയിലധികം ആളുകൾ ദിവസവും ഒരു ഡോളറോ അതിൽ താഴെയോ ഉള്ള വരുമാനം കൊണ്ടാണ് ഉപജീവിക്കുന്നത്. അവരിൽ ഭൂരിപക്ഷവും വിശപ്പിന്റെ പിടിയിലാണ്. ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച്, ഓരോ വർഷവും അമ്പതുലക്ഷത്തിലധികം കുട്ടികൾ മരണമടയുന്നത് പ്രധാനമായും വികലപോഷണം നിമിത്തമാണ്.

കർത്താവിന്റെ മടങ്ങിവരവിന്റെയും അന്ത്യകാലത്തിന്റെയും ലക്ഷണങ്ങളിൽ അടുത്തത് 'വലിയ ഭൂകമ്പ'ങ്ങളാണ്. ഈ വാചകം കുറിക്കപ്പെടുമ്പോൾ തന്നെ ചൈനയിലുണ്ടായ ഭൂകമ്പത്തിൽ 367 -ൽ അധികം പേർ മരണമടയുകയും180 പേരെ കാണാതാവുകയും ചെയ്തു. 1300 പേർക്ക് പരിക്കേറ്റു, 12000 വീടുകൾ തകരുകയും 30000 വീടുകൾക്ക് കേടുപാടുകൾ സംഭവിക്കുകയും ചെയ്തു. പ്രതിവർഷം ശരാശരി 19 വൻ ഭൂകമ്പങ്ങൾ ഉണ്ടാകുമെന്ന് യു.എസ്. ജിയോളജിക്കൽ സർവ്വേ കണക്കാക്കുന്നു. ഇവ കെട്ടിടങ്ങൾക്ക് കേടുവരുത്തുവാനോ നിലത്ത് വിള്ളൽ വീഴ്ത്തുവാനോ തക്ക ശക്തിയുള്ളവയായിരിക്കും. ശരാശരിയെടുത്താൽ കെട്ടിടങ്ങളെ പൂർണ്ണമായും തകർക്കുവാൻ പോന്ന ശക്തമായ ഭൂകമ്പങ്ങൾ ഓരോ വർഷവും ഉണ്ടായിട്ടുണ്ട്. ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ നോക്കിയാൽ 1900-ാമാണ്ടു മുതൽ ഭൂകമ്പങ്ങൾ 20 ലക്ഷത്തിലധികം ജനങ്ങളുടെ ജീവനാണ് അപഹരിച്ചിരിക്കുന്നത്. അവിടെയെല്ലാം മരണനിരക്ക് കുറയ്ക്കുന്നതിൽ സാങ്കേതികവിദ്യ വഹിച്ചിരുന്ന പങ്ക് നാമമാത്രമാണ്.

അടുത്തത് 'മഹാവ്യാധി'യാണ്. വൈദ്യശാസ്ത്രം വളർന്നിട്ടുണ്ടെങ്കിലും പുതിയതും പഴയതുമായ രോഗങ്ങൾ മനുഷ്യവർഗ്ഗത്തെ ഇപ്പോഴും വേട്ടയാടിക്കൊണ്ടിരിക്കുന്നു. ക്ഷയം, മലമ്പനി, കോളറ എന്നിവ ഉൾപ്പെടെയുള്ള പരക്കെ അറിയപ്പെടുന്ന 20 രോഗങ്ങൾ ചികിത്സിച്ച് ഭേദമാക്കുക ദുഃഷ്കരമായിക്കൊണ്ടിരിക്കുകയാണ്. മാത്രമല്ല, ചികിത്സയില്ലാത്ത ഒട്ടനവധി രോഗങ്ങൾ ഇപ്പോൾ രംഗപ്രവേശനം ചെയ്തിട്ടുണ്ട്.

അന്ത്യകാലത്ത് മനുഷ്യ സമൂഹത്തിലുണ്ടാകുന്ന മാറ്റത്തെക്കുറിച്ചും ദൈവവചനം വ്യക്തമായി സംസാരിക്കുന്നു. പൊതുവെ മനുഷ്യർ എങ്ങനെയുള്ളവരായിരിക്കുമെന്ന് പൗലൊസ് 2 തിമൊഥെയൊസ് 3:1-5ൽ വിവരിക്കുന്നു. 'അന്ത്യകാലത്ത് ദുർഘടസമയങ്ങൾ വരും എന്നറിക. മനുഷ്യൻ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പുപറയുന്നവരും അഹങ്കാരികളും ദൂഷകന്മാരും അമ്മയപ്പന്മാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും വാത്സല്യമില്ലാത്തവരും ഇണങ്ങാത്തവരും ഏഷണിക്കാരും അജിതേന്ദ്രിയന്മാരും ഉഗ്രന്മാരും സൽഗുണ ദ്വേഷികളും ദ്രോഹികളും ധാർഷ്ട്യക്കാരും നിഗളികളുമായി ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവരുമായിരിക്കും'. ഇങ്ങനെയുള്ളവരെക്കൊണ്ട് ലോകം നിറഞ്ഞുകഴിഞ്ഞു. ഇതു കാണിക്കുന്നത് ദൈവം പെട്ടെന്നുതന്നെ നടപടി സ്വീകരിക്കുമെന്നാണ്. എന്തെന്നാൽ വചനം നമ്മെ പഠിപ്പിക്കുന്നത്: 'ദുഷ്ടന്മാർ പുല്ലുപോലെ മുളെക്കുന്നതും നീതികേട് പ്രവർത്തിക്കുന്നവരൊക്കെയും താഴെക്കുന്നതും എന്നേക്കും നശിച്ചുപോകേണ്ടതിനാകുന്നു' (സങ്കീർത്തനം 92:7).

രാജ്യത്തിന്റെ ഈ സുവിശേഷം ഭൂലോകത്തിൽ ഒക്കെയും പ്രസംഗിക്കപ്പെടും എന്ന് ലോകാവസാനത്തെക്കുറിച്ചുള്ള പ്രവചനത്തിൽ യേശുക്രിസ്തു പറയുകയുണ്ടായി. രാജ്യത്തിന്റെ ഈ സുവിശേഷം ലോകമെമ്പാടും ഇപ്പോൾ വിവിധ മാധ്യമങ്ങളിലൂടെ 24 മണിക്കൂറും പ്രസംഗിക്കപ്പെട്ടുകൊണ്ടിരിക്കയാണ്.

ഈ പ്രവചനങ്ങൾ നമ്മുടെ ഈ തലമുറയിൽ എത്ര അർത്ഥവത്താകുന്നുവെന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഇന്നത്തെ ലോകത്തിൽ നാം കാണുന്ന ഭയാനകങ്ങളായ ഭൂകമ്പം, മഹാവ്യാധികൾ, ക്ഷാമം, യുദ്ധം, അക്രമം, മാനവജാതിയുടെ ഇടയിൽ വർദ്ധിച്ചുവരുന്ന മദ്യപാനം, നിരാശ, പരിഭ്രമം... ഇതെല്ലാം യേശുക്രിസ്തുവിന്റെ മടങ്ങിവരവ് ഏറ്റവും അടുത്തിരിക്കുന്നു എന്നതിന്റെ തെളിവുകളാണ്. 'ഇത് സംഭവിച്ചു തുടങ്ങുമ്പോൾ നിങ്ങളുടെ വീണ്ടെടുപ്പ് അടുത്തു വരുന്നതുകൊണ്ട് നിവർന്നു തലപൊക്കുവിൻ' എന്നാണ് കർത്താവ് പറഞ്ഞത്(ലൂക്കൊസ് 21:28). ഇനി അധികതാമസം ഇല്ല. ബൈബിൾ പറയുന്നു; 'നാം വിശ്വസിച്ച സമയത്തെക്കാൾ രക്ഷ ഇപ്പോൾ നമുക്ക് അധികം അടുത്തിരിക്കുന്നു'(റോമർ 13:11).

ക്രിസ്തു മടങ്ങിവരുമെന്ന ഉറപ്പുള്ള കോടാനുകോടി ജനങ്ങളുണ്ട്. അവർ തങ്ങളുടെ വിലപ്പെട്ട ജീവനും, ജീവിതവും, സ്വത്തും, സർവ്വവും ഈ സുവിശേഷ സത്യം മറ്റുള്ളവരെ അറിയിക്കേണ്ടതിനായി മനസ്സോടെ ചെലവിടുകയാണ്. വിവിധങ്ങളായ പ്രതിസന്ധികളെയും പ്രതികൂലങ്ങളെയും വെറും നിസ്സാരമായി എണ്ണിക്കൊണ്ട് ലോകത്തിന്റെ വിവധ ഭാഗങ്ങളിലേയ്ക്ക് അതിശീഘ്രം സുവിശേഷകന്മാർ പൊയ്ക്കൊണ്ടിരിക്കുന്നു. ഏകദേശം എട്ടു കോടിയിലധികം ജനം ക്രിസ്തുവിനു വേണ്ടി രക്തസാക്ഷികളായതായി സഭാചരിത്രം പറയുന്നു, ജീവൻ വച്ചുകൊടുത്തപ്പോഴും അവർക്കൊരു പ്രത്യാശയുണ്ടായിരുന്നു, കർത്താവിന്റെ വീണ്ടും വരവിൽ ഞങ്ങൾ ആ കർത്താവിനെ മുഖാമുഖമായി കാണുമെന്ന്. സുവിശേഷത്തിനു വേണ്ടി ഇന്നും ധാരാളം പേർ രക്തസാക്ഷികളായിക്കൊണ്ടിരിക്കുന്നു. സമൂഹത്തിൽ ഉയർന്ന ജോലി ചെയ്തുകൊണ്ടിരുന്ന ധാരാളം പേർ തങ്ങളുടെ ജോലിയും ശമ്പളവും ഉപേക്ഷിച്ചിട്ട് സുവിശേഷവേലയ്ക്കിറങ്ങുന്നു. പലരും പട്ടിണിയും പലവിധ കഷ്ടതകളും സഹിക്കുന്നുണ്ട്. എങ്കിലും അവരാരും തളരുന്നില്ല, നിരാശപ്പെടുന്നില്ല. വലിയ സന്തോഷവും പ്രത്യാശയും അവർക്കുണ്ട്. അവരെല്ലാവരോടും ഒരു സദ്വർത്തമാനം സങ്കോചമില്ലാതെ വിളിച്ചുപറയുന്നു; 'യേശു മടങ്ങിവരുന്നു, നിന്റെ ദൈവത്തെ എതിരേൽപ്പാൻ ഒരുങ്ങിക്കൊള്ളുക'.

യേശുക്രിസ്തുവിന്റെ മടങ്ങിവരവ് വിശുദ്ധ ബൈബളിലെ കാതലായ ഒരു സത്യമാണ്. മറ്റേത് വിഷയത്തെക്കാളും ബൈബിളിൽ വളരെയധികം ഊന്നൽ കൊടുത്തിട്ടുള്ള വിഷയമാണിത്. പൗലൊസ് തന്റെ ലേഖനങ്ങളിൽ സ്നാനത്തെക്കുറിച്ച് 13 പ്രാവശ്യം മാത്രമേ പറഞ്ഞിട്ടുള്ളു. എന്നാൽ ക്രിസ്തുവിന്റെ മടങ്ങിവരവിനെപ്പറ്റി അമ്പതിൽ അധികം പ്രാവശ്യം എഴുതി. ബൈബിളിലെ ഓരോ 25 വാക്യത്തിനും ഒരു വാക്യം എന്ന അനുപാതത്തിൽ ക്രിസ്തുവിന്റെ മടങ്ങിവരവിനെപ്പറ്റി പറഞ്ഞിരിക്കുന്നു. മത്തായി 24, മർക്കൊസ് 13, ലൂക്കൊസ് 21, 1കൊരിന്ത്യർ 15 എന്നീ അദ്ധ്യായങ്ങളും തെസ്സലൊനിക്യർക്കെഴുതിയ രണ്ടു ലേഖനങ്ങളും വെളിപ്പാട് പുസ്തകവുമാണ് പ്രധാനമായി ഇക്കാര്യം പ്രതിപാദിക്കുന്നത്. കേവലം 266 പേജുകളും 260 അദ്ധ്യായങ്ങളുമുള്ള പുതിയ നിയമത്തിൽ 318 പ്രാവശ്യം ക്രിസ്തുവിന്റെ മടങ്ങിവരവിനെപ്പറ്റി പറഞ്ഞിട്ടുണ്ട്. കാരണം അത്രമാത്രം പ്രാധാന്യമേറിയ വിഷയമാണിത്. ക്രിസ്തു ജനിക്കുന്നതിന് നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ ക്രിസ്തുവിനെപ്പറ്റിയുള്ള മിക്ക കാര്യങ്ങളും എഴുതിവച്ചിരുന്നു. ക്രിസ്തുവിന്റെ ഒന്നാം വരവിനെക്കുറിച്ച് പറഞ്ഞിരിക്കുന്നതിന്റെ എട്ടിരട്ടി രണ്ടാം വരവിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. 'പാപം കൂടാതെ തനിക്കായി കാത്തു നിൽക്കുന്നവരുടെ രക്ഷയ്ക്കായി അവൻ രണ്ടാമതും പ്രത്യക്ഷനാകും' (എബ്രായർ 9:28).

നമ്മുടെ കർത്താവായ യേശുക്രിസ്തു എത്രയും പെട്ടെന്ന് മടങ്ങിവരുവാൻ പോകുന്നു. ആകയാൽ നമുക്ക് ഭക്തിയോടെ, വിശുദ്ധിയോടെ ജീവിക്കാം. കർത്താവ് എപ്പോൾ വന്നാലും പോകുവാൻ ഒരുങ്ങി കാത്തിരിക്കാം. ഒരുങ്ങുക മാത്രമല്ല, അനേകരെ അതിനായി ഒരുക്കാം... സമയം ആഗതമായി.....

*- പാസ്റ്റർ എം. സാമുവൽകുട്ടി*

(ഒന്നാം പേജിൽ നിന്നും തുടർച്ച)

## അവസാനിക്കാത്ത യുദ്ധഭീഷണി

യായി 10 കോടിയിലധികം ജനങ്ങൾ വിവിധ യുദ്ധങ്ങളുടെ ഇരയാക്കപ്പെട്ടിട്ടുണ്ട്. 1945 മുതൽ ഇതുവരെയായി രണ്ടായിരത്തോളം ആണവപരീക്ഷണങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തപ്പെട്ടിട്ടുണ്ട്. ഇതിലൂടെ അനിയന്ത്രിതമായ അണുപ്രസരണങ്ങൾക്ക് വിവിധ പ്രദേശങ്ങൾ വിധേയമായി. അമേരിക്ക-ഇറാഖ് യുദ്ധത്തിൽ നാൽപ്പത് ടൺ ഡി-യുറേനിയം ഉപയോഗിച്ചു കഴിഞ്ഞു. ഇത് ലക്ഷക്കണക്കിന് ജനങ്ങളെ ക്യാൻസർ രോഗികളാക്കി. മുമ്പു നടന്ന യുദ്ധങ്ങളിൽ ഇസ്രയേൽ പലസ്ഥീനികൾക്കെതിരെ മാരകമായ അളവിൽ വൈറ്റ് ഫോസ്ഫറസ് ഉപയോഗിച്ചു. ഇന്ത്യയിലെ ആണവപരീക്ഷണങ്ങൾ നടന്ന പൊഖ്റാനിന്റെ പ്രാന്തപ്രദേശങ്ങളിലെ ജനങ്ങൾക്ക് വൻതോതിൽ അണുപ്രസരണങ്ങൾ ഏൽക്കേണ്ടിവന്നു എന്ന് പഠനങ്ങൾ തെളിയിക്കുന്നു.

ലോകജനതയുടെ നല്ലൊരു ശതമാനവും വളരെ താഴ്ന്ന വരുമാനക്കാരാണ്. എൺപതു കോടിയിലധികം ജനങ്ങൾ പോഷകാഹാരക്കുറവ് അനുഭവിക്കുന്നവരാണ്. നൂറ്റിമുപ്പത് കോടി ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമല്ല. എന്നാൽ യുദ്ധത്തിനായി പ്രതിവർഷം ഒരു ലക്ഷം കോടി ഡോളർ ലോകരാജ്യങ്ങൾ ചിലവഴിക്കുന്നു. ലോകത്തിൽ എല്ലാവർക്കും കൂടി വെള്ളം, ഭക്ഷണം, ആരോഗ്യം, ശുചിത്വം ഇവ ലഭ്യമാക്കാൻ ആവശ്യമുള്ള തുകയുടെ ഇരുപത് മടങ്ങാണ് യുദ്ധത്തിനായി മാറ്റി വയ്ക്കുന്ന ഈ തുക. എന്നാൽ എല്ലാ ഭരണാധിപന്മാരും യുദ്ധോപകരണങ്ങൾ വാങ്ങിക്കൂട്ടാൻ അത്യുത്സാഹികളാണ്.

യുദ്ധങ്ങൾ എന്നും സാധാരണക്കാരായ ജനതയ്ക്ക് കഷ്ടതയും നഷ്ടങ്ങളും മാത്രമെ സമ്മാനിക്കുന്നുള്ളു. ഇനിയൊരിക്കലും യുദ്ധങ്ങളുണ്ടാകരുതെന്ന് ലോക ജനത ആഗ്രഹിക്കുന്നു. എന്നാൽ ചെറുതും വലുതുമായ നിരവധി യുദ്ധങ്ങൾ നമുക്കുചുറ്റും നിരന്തരം നടന്നുകൊണ്ടിരിക്കുന്നു. ഇപ്പോഴിതാ വീണ്ടും ഇസ്രയേൽ -പലസ്ഥീൻ സംഘട്ടനവും.

എല്ലാ യുദ്ധവും സമാധാനത്തിനു വേണ്ടിയാണെന്നുള്ള അവകാശവാദം ഉയരാറുണ്ടെങ്കിലും യുദ്ധങ്ങൾ സമാധാനത്തെ നശിപ്പിക്കുന്നതാണ്. യുദ്ധത്തിൽ വിജയികളും പരാജിതരുമില്ല. അത് ദുരന്തം മാത്രം അനുഭവവേദ്യമാക്കുന്നു, പട്ടിണി സൃഷ്ടിക്കുന്നു, പരിസ്ഥിതിയെ തകർക്കുന്നു, ജീവിക്കാനുള്ള ഏവരുടേയും അവകാശങ്ങളെ അപകടപ്പെടുത്തുന്നു.

രണ്ടാം ലോക മഹായുദ്ധത്തിനു ശേഷം ലോകരാഷ്ട്രങ്ങൾക്കിടയിൽ സമാധാനം പുനഃസ്ഥാപിക്കാൻ വേണ്ടി ഐക്യരാഷ്ട്രസംഘടന രൂപം കൊണ്ടു. എങ്കിലും യുദ്ധഭീഷിണികളും ശത്രുതയും വർദ്ധിച്ചുതന്നെ വരികയാണ്. ഏതു യുദ്ധത്തിലായാലും ആര് ജയിച്ചു ആര് തോറ്റു എന്ന സാങ്കേതിക കണക്കെടുപ്പുകൾക്കുമപ്പുറം യുദ്ധം ജനതയുടെ ജീവിതവും സംസ്കാരവും ചരിത്രവുമൊക്കെ നശിപ്പിക്കുക മാത്രമാണ് ചെയ്തിട്ടുള്ളതെന്ന് നമുക്കറിയാം. യുദ്ധം വരുത്തിവച്ച നാശനഷ്ടം തലമുറകൾക്കു ശേഷവും നികത്താനായിട്ടില്ലെന്നതും ചരിത്രപാഠമാണ്.

മറ്റേതു കാലഘട്ടങ്ങളെക്കാൾ ജനം എപ്പോഴും ഭയത്തോടെ ആയിരിക്കുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. എവിടെയും കലാപങ്ങളും ആഭ്യന്തര യുദ്ധങ്ങളും തീവ്രവാദ പ്രവർത്തനങ്ങളും മുമ്പത്തെക്കാളുപരിയായി നടക്കുന്നു. പല അറേബ്യൻ രാജ്യങ്ങളിലും ഏകാധിപത്യത്തിനും മാത്രമല്ല ജനാധിപത്യ ഭരണങ്ങൾക്കുപോലും എതിരായി വിമതർ പോരാട്ടങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. അസമാധാനത്തിന്റെ വിത്തുകൾ പാകിയ മതമൗലീക ശക്തികളും വിമതന്മാരും സാധാരണ ജനങ്ങളുടെ ജീവൻ ബലികഴിച്ചാണ് പോരാട്ടം നടത്തുന്നത്. അങ്ങനെ നിരപരാധികൾ കൊല്ലപ്പെടുന്നു. എത്രയോ ലക്ഷം ആളുകൾക്ക് അവരുടെ വീടും നാടും വിട്ട് അഭയാർത്ഥികളായി കഴിയേണ്ടിവരുന്നു. ഇതെല്ലാം ദൈവവചനത്തിന്റെ നിവർത്തീകരണവും അന്ത്യകാലത്തിന്റെ ലക്ഷണങ്ങളുമാണ്. നമ്മുടെ കർത്താവിന്റെ മടങ്ങിവരവ് ഏറ്റവും അടുത്തിരിക്കുന്നു. അതിന്റെ മുന്നോടിയാണ് ഈ സംഭവങ്ങളെല്ലാം. നമുക്ക് ചുറ്റും എന്തെല്ലാം സംഭവിച്ചാലും ദൈവമക്കൾ ഭയപ്പെടാതെ ധൈര്യവും ഉറപ്പുമുള്ളവരായി കർത്താവിനായി കാത്തിരിക്കാം.


### വരിസംഖ്യ നിരക്ക് ഒരുവർഷത്തേക്ക്

| | | |
|---|---|---|
| ഇന്ത്യയിൽ | | :36 രൂപ |
| ഗൾഫ് | | :300 രൂപ |
| യു.എസ് | $ | :10 |
| കാനഡ | $ | :10 |


### ക്ഷണിക്കുന്നു

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*-പത്രാധിപർ*


### എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ

പാസ്റ്റർ എം. സാമുവൽകുട്ടി

അസ്സോസിയേറ്റ് എഡിറ്റേഴ്സ്

തോമസ് ഡാനിയേൽ

പാസ്റ്റർ ബിജു ബഞ്ചമിൻ

പാസ്റ്റർ ബിനോയി പി. ജോൺ

ഷിബു തമ്പി

പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ

ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

വചനദീപ്തം

# സഭയും സമൂഹവും



പാസ്റ്റർ മനോജ് തമ്പി
മങ്ങാട്

**ഭാ**ഷ, മതം, ഭൂമിശാസ്ത്രം എന്നിവയുടെ അടിസ്ഥാനത്തിൽ സമൂഹം വേർതിരിക്കപ്പെട്ടപ്പോൾ വ്യത്യസ്ത സമൂഹങ്ങൾ ലോകത്തിൽ രൂപപ്പെട്ടു. ധാർമ്മികത, ഈശ്വരസങ്കൽപ്പം, സാമ്പത്തിക ഘടന, അഭിരുചികൾ എന്നിവയിൽ സമൂഹങ്ങൾ തമ്മിൽ മാറ്റങ്ങൾ ഉണ്ടായി. ഏക മനുഷ്യനിൽ നിന്നും ഉളവായ മനുഷ്യജാതി ഐക്യതയുള്ളവരാകുക എന്നത് ക്രിസ്തുവിലൂടെ ദൈവം പ്രഖ്യാപിച്ച സന്ദേശമാണ്. സമൂഹങ്ങളുടെ അതിരുകൾക്കപ്പുറത്തേക്ക് സുവിശേഷ സത്യങ്ങൾ എത്തുവാൻ തുടങ്ങിയതോടെ സർവ്വജനത്തിനും ഉണ്ടാകുവാനുള്ള മഹാസന്തോഷം എന്ന ദൂത ഗാനം യാഥാർത്ഥ്യമായി (ലൂക്കോ : 2:10) എല്ലാ സമൂഹങ്ങളെയും ഒന്നായി കാണുവാൻ ലോകത്തെ പഠിപ്പിച്ചത് ക്രിസ്തു സുവിശേഷമാണ്. സാമൂഹിക സിരകളിലെ പാർശ്വവൽക്കരണം, സ്വജനപക്ഷപാതം, അധാർമികത എന്നിവയ്ക്ക് ഇന്നും സുവിശേഷം ഒരു വെല്ലുവിളിയാണ്. തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ***ഏവനും*** നശിച്ച് പോകാതെ ..... എന്ന പ്രസ്താവനയിൽ എല്ലാ സമൂഹങ്ങളും സംയോജിക്കപ്പെടുന്നു. സമകാലിക സംഭവങ്ങളെ പുനർവായനയ്ക്ക് വിധേയമാക്കിയാൽ സുവിശേഷ സത്യങ്ങളെ അംഗീകരിക്കാഞ്ഞതിന്റെ അപകടകരമായ യാഥാർത്ഥ്യങ്ങൾ പുറത്തുവരും.

സുവിശേഷം അംഗീകരിച്ച സമൂഹങ്ങൾ സാഹോദര്യത്തിന് പ്രാധാന്യം നൽകി കൂട്ടായ്മകൾക്ക് രൂപം കൊടുത്തു. അങ്ങനെ ക്രൈസ്തവ സഭകളുടെ സാന്നിധ്യം സമൂഹത്തിൽ വിലമതിക്കാനാകാത്ത യാഥാർത്ഥ്യമായി മാറി. തരം തിരിവുകളും, തെറ്റിദ്ധാരണകളും ക്രിസ്തു സഭയുടെ സാഹോദര്യ മനോഭാവത്തിന് മുൻപിൽ വഴിമാറികൊടുത്തു. മാനസികവും, ധാർമികവുമായ മാറ്റങ്ങൾ, ജീവിതവീക്ഷണം, ദൈവവിശ്വാസം, അത്ഭുതങ്ങൾ എന്നിവയിലൂടെ ജനസഹസ്രങ്ങൾ ക്രിസ്തു സഭയുടെ ഭാഗമായി മാറിക്കഴിഞ്ഞു. ക്രൈസ്തവ ദൗത്യത്തിന്റെ പ്രധാന ഉപകരണമായി ദൈവം സ്ഥാപിച്ചിരിക്കുന്നത് സഭയെയാണ്. സഭയുടെ ദൗത്യം, ആധുനിക സമൂഹത്തിന്റെ വ്യതിയാനങ്ങളുടെ വെല്ലുവിളികളെ നേരിടുന്നതിന് സഹായകരമായ ദർശനത്തോടുകൂടിയതായിരിക്കണം. ജീവിത കേന്ദ്രീകൃതവും, മതസാംസ്കാരിക ബഹുലതയോടുള്ള അംഗീകരണവും, ഏകലോക വീക്ഷണവും ഉൾകൊള്ളുന്ന ക്രൈസ്തവ ദൗത്യം പരക്കെ അംഗീകരിക്കപ്പെടുന്നു. ക്രിസ്തുസഭയുടെ സാമൂഹിക പ്രതിബദ്ധത വിദ്യാലയങ്ങളായും, ആതുരാലയങ്ങളായും, യുവജനക്ഷേമ പ്രവർത്തനങ്ങളായും ഭാരത ചരിത്രത്തിൽ തേജസുറ്റതായി നിലകൊള്ളുന്നു. വർത്തമാനകാല ഭാരത ചരിത്രത്തിലെ അതികായന്മാർ ക്രൈസ്തവ വിദ്യാലയങ്ങളുടെ ഉൽപ്പന്നങ്ങളാണെന്ന് നിസംശയം പ്രസ്താവിക്കാം.

> ദൈവം നൽകുന്ന സമ്പൂർണ്ണമായ പുതുക്കത്തിന്റെ വാഗ്ദത്തമാണ് സഭയിലൂടെ സമൂഹത്തിന് ലഭിക്കുന്നത്. ദൈവം സൃഷ്ടിക്കുന്ന പുതിയ സാമൂഹിക വ്യവസ്ഥിതി പുതിയ യുഗത്തിന്റെ ദർശനവും പരിവർത്തനത്തിന്റെ പ്രവചനവുമാണ്. ഇവിടെ യുദ്ധവും, ദാരിദ്ര്യവും, അസമത്വവും, ചൂഷണവും ഇല്ല. സകലമനുഷ്യരുടെയും ക്ഷേമം ഉറപ്പാക്കുന്ന സാമൂഹിക വ്യവസ്ഥിതിക്ക് നിദാനം ദൈവവുമായുള്ള നിരന്തരമായ കൂട്ടായ്മയും.

വർത്തമാനകാല ഭാരതീയ സമൂഹം ചുവട് പിഴച്ചവരുടെ അനുയായികളായി വഴി തെറ്റി കൊണ്ടിരിക്കുന്നു. ഭരണാധികാരികൾ തുടങ്ങിയവരുടെ സാമ്പത്തിക ക്രമക്കേടുകൾ, ലിംഗവ്യത്യാസം കൂടാതെയുള്ള തട്ടിപ്പുകൾ, പ്രായവ്യത്യാസം കൂടാതെയുള്ള ലൈംഗീക കുറ്റകൃത്യങ്ങൾ, കപടവേഷധാരികളായ ആത്മീയ നേതാക്കൾ, ഭീകരവാദം ഇത്യാദി അധാർമികതകൾക്ക് നമ്മുടെ സമൂഹം വേദിയായി തീർന്നിരിക്കുന്നു. നവസമൂഹം എന്നപേരിൽ വികസനങ്ങൾ നടപ്പാക്കുവാൻ ഭരണതലവൻമാർ ശ്രമിക്കുമ്പോൾ പഴയതിന്റെ തനിയാവർത്തനമായി വികസന ശ്രമങ്ങൾ അവശേഷിക്കുന്നു.

വിശുദ്ധ ബൈബിൾ വാഗ്ദാനം ചെയ്യുന്ന നവസമൂഹം ഇതാ ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്നു (യെശ: 15:17-18) എന്ന പ്രസ്താവനയിൽ അധിഷ്ഠിതമാണ്. ദൈവം നൽകുന്ന സമ്പൂർണ്ണമായ പുതുക്കത്തിന്റെ വാഗ്ദത്തമാണ് സഭയിലൂടെ സമൂഹത്തിന് ലഭിക്കുന്നത്. ദൈവം സൃഷ്ടിക്കുന്ന പുതിയ സാമൂഹിക വ്യവസ്ഥിതി പുതിയ യുഗത്തിന്റെ ദർശനവും പരിവർത്തനത്തിന്റെ പ്രവചനവുമാണ്. ഇവിടെ യുദ്ധവും, ദാരിദ്ര്യവും, അസമത്വവും, ചൂഷണവും ഇല്ല. സകലമനുഷ്യരുടെയും ക്ഷേമം ഉറപ്പാക്കുന്ന സാമൂഹിക വ്യവസ്ഥിതിക്ക് നിദാനം ദൈവവുമായുള്ള നിരന്തരമായ കൂട്ടായ്മയും, ചെന്നായും കുഞ്ഞാടും ഒരുമിച്ച് ആഹാരം പങ്കിടുവാനുള്ള രൂപാന്തരവുമാണ്. ഇന്നത്തെ സമൂഹത്തിനും ആവശ്യം രൂപാന്തരവും ദൈവീക കൂട്ടായ്മയുമാണ്.

# നശിക്കാത്ത നിക്ഷേപങ്ങൾ

(നാലാം പേജിൽ നിന്നും തുടർച്ച)

ഈ ലോകത്തിലെ നിക്ഷേപങ്ങളിൽ ഒരു ഫലവും കിട്ടാതെ പോകുകയാണ്. നാം ഈ ലോകത്തിൽ ഫലം കൊടുക്കുന്നവരായി തീർന്നാൽ (തിരുവചനപ്രകാരം) സ്വർഗ്ഗത്തിൽ നമുക്ക് പ്രതിഫലം കർത്താവ് വെച്ചിരിക്കുന്നു. അവകാശം എന്ന പ്രതിഫലം (Reward of the Inheritance) കർത്താവ് തരും എന്നറിഞ്ഞു കർത്താവായി ക്രിസ്തുവിനെ സേവിക്കുവിൻ.

**3. സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്നതും ക്ഷയം, മാലിന്യം, വാട്ടം എന്നിവ ഇല്ലാത്തതുമായ അവകാശം (1 പത്രോസ് 1:5).**

ഈ വാക്യം നമുക്ക് തരുന്ന പാഠം ഈ ലോകത്തിലുള്ളത് വാട്ടം സംഭവിക്കുന്നതാണ്, നിറം മങ്ങുന്നതാണ് (loss freshness and loss brightness) എന്നാൽ സ്വർഗ്ഗീയമായത് മങ്ങാത്തതാണ്(not fade). ലോകത്തിലുള്ളത് കളങ്കമേശുന്നതാണ്(defile), എന്നാൽ സ്വർഗ്ഗീയമായത് കളങ്കമേശാത്തതാകുന്നു. ഈ ലോകത്തിലേത് (perishable) ക്ഷയമുള്ളതാണ്. എന്നാൽ സ്വർഗ്ഗീയമായത് അക്ഷയമായതാണ്. ആകയാൽ സ്വർഗ്ഗത്തിൽ നിക്ഷേപിക്കാം.

വാട്ടവും മാലിന്യവും ക്ഷയവും ഉള്ള ലോകത്തിൽ നാം ആയിരിക്കുമ്പോൾ ഇവ ഇല്ലാത്ത സ്വർഗ്ഗത്തിൽ നിന്നും പ്രതിഫലം വാങ്ങുവാൻ നമുക്ക് ഒരുങ്ങാം. കള്ളൻ അടുക്കുകയോ, പുഴു കെടുക്കയോ ചെയ്യാത്ത സ്വർഗ്ഗത്തിൽ പഴകിപോകാത്ത മടിശ്ശീലകളും തീർന്നുപോകാത്ത നിക്ഷേപവും നിങ്ങൾക്കു ഉണ്ടാക്കികൊൾവീൻ. നിങ്ങളുടെ നിക്ഷേപം ഉള്ളേടത്ത് നിങ്ങളുടെ ഹൃദയവും ഇരിക്കും. നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടും. ആയതിനാൽ ഈ സത്യം നാം മനസ്സിലാക്കി ദൈവം നമുക്ക് ഭൂമിയിൽ തരുന്ന ആയുസ്സും ആരോഗ്യവും സമ്പത്തും ധനവും മാനവും യജമാനന്റെ വേലയ്ക്കായി, ലോപമായി വിതക്കാതെ ധാരാളമായി വിതച്ച്, ധാരാളമായി കൊയ്യാം. അതിലൂടെ യേശുവിനെ അനേക ദേശങ്ങളിൽ അറിയിച്ചുകൊടുക്കാം. നിർബന്ധത്താലല്ല, സന്തോഷത്തോടെ കൊടുക്കാം, സ്വർഗ്ഗത്തിൽ സ്വരൂപിക്കാം. വിധവയെ പോലെ ഉള്ളത് എല്ലാം സമർപ്പിക്കാം. യജമാനൻ വരാറായ്, വരവിനായി ഒരുങ്ങാം.

## ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ

1. സഭാ സ്ഥാപനം (ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച്- ഡൽഹി, ബീഹാർ, കേരളം)
2. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് (കേരളം)
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകൾ (ബീഹാർ)
4. ഐ.സി.എം. അക്കാദമി (ബീഹാർ)
5. കോച്ചസ് ചൈൽഡ് ഡെവലെപ്പ്മെന്റ് സെന്റർ (ബീഹാർ)
6. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് (കേരളം,ഡൽഹി)
7. വിശ്വാസി പബ്ളിക്കേഷൻസ്
8 മ്യൂസിക്കൽ സി.ഡികൾ (സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേമവാണി (ഹിന്ദി), പ്രേമമാധുരി (തെലുങ്ക്)

ഈ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാകാം

1. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക
2. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ ഓർത്ത് ദിവസവും പ്രാർത്ഥിക്കുക
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക
4. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുക

സംഭാവനകൾക്ക് ആദായനികുതി (80ജി) ഇളവ് ലഭിക്കുന്ന രസീത് നൽകുന്നതാണ്

INDIAN CHRISTIAN MISSION
Yash Niwas, 101, Block- A, 96E, Ward No-2, Meharauli, New Delhi-110030
Ph: 9810084388, E-mail: icm4india@yahoo.com,
Website: www.indianchristianmission.com

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

NEWSPAPER REGN. No. 65362 / 97
POSTAL REGN.NO. DL 07 / 0138 / 12 - 14
Date of Publication - 5th August 2014

Tel : 91 9810084388, e-mail : icm4india@yahoo.com, website- www.indianchristianmission.com
Price Rs. 3/-

# നശിക്കാത്ത നിക്ഷേപങ്ങൾ

പാസ്റ്റർ ബിനു ജോൺ
ന്യൂഡൽഹി

വിട്ടുപോകേണ്ട ലോകത്തിൽ വ്യർത്ഥമനുഷ്യൻ, താല്ക്കാലിക ജീവിത നിലനിൽപിന് വേണ്ടി കഠിനാദ്ധ്വാനം ചെയ്തു ചോര വിയർപ്പിലാക്കിയും നല്ല ആരോഗ്യം കളഞ്ഞും സ്വരൂപിച്ചു കൂട്ടുകയാണ്– അത്യാവശ്യത്തിന് മാത്രം ദൈവം തരുമ്പോൾ എന്തിനാണ് ഈ വ്യഗ്രത എന്ന് അവൻ മനസ്സിലാക്കാതെ പോകുന്നു. തികച്ചു ഒരു വിശ്വാസിയെ സംബന്ധിക്കുന്ന ഈ ചോദ്യങ്ങൾക്ക് നമുക്ക് എങ്ങനെ മറുപടി കൊടുക്കാം.

ഒരുപാട് ആഗ്രഹത്തോടെ, കണക്ക്കൂട്ടി ഒരുക്കിവെച്ച ഒരു വ്യക്തി. അദ്ദേഹത്തെ ബൈബിൾ വിളിക്കുന്നത് മൂഡനെന്നാണ്. അത്യാഗ്രഹത്തെ സംബന്ധിച്ച് പരാമർശിക്കുന്ന ഭാഗത്ത് യേശു അവനോട് ചോദിക്കുന്നു. 'മൂഢാ, ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോടു ചോദിക്കും. പിന്നെ നീ ഒരുക്കി വെച്ചത് ആർക്കും എന്നു പറഞ്ഞു' (ലൂക്കൊസ് 12:20).

ദൈവവിഷയമായി സമ്പന്നനാകാതെ തനിക്കു തന്നെ നിക്ഷേപിക്കുന്നവന്റെ കാര്യം ഇങ്ങനെയാകുന്നു എന്ന് തിരുവചനം നമ്മെ പഠിപ്പിക്കുന്നു. ഈ വാക്യം നാം സസൂഷ്മം പരിശോധിക്കേണ്ടതാകുന്നു. ദൈവവിഷയമായി സമ്പന്നനാകുക എന്നുപറഞ്ഞാൽ തനിക്കുതന്നെ ഭൂമിയിൽ സമ്പന്നനാകാതിരിക്കുക, ദൈവവിഷയമായി സ്വർഗ്ഗത്തിൽ നിക്ഷേപിക്കുന്നവരായി തീരുക എന്നാണ് അർത്ഥമാക്കേണ്ടത്. ദൈവം വീണ്ടും പറയുന്നു; എന്തു തിന്നും എന്ന് ജീവനായികൊണ്ടും എന്ത് ഉടുക്കും എന്ന് ശരീരത്തിനായികൊണ്ടും വിചാരപ്പെടരുത്. ആഹാരത്തെക്കാൾ ജീവനും ഉടുപ്പിനെക്കാൾ ശരീരവും വലുതല്ലല്ലോ. ഒരു ആത്മീയ ജീവനും ആത്മീകശരീരത്തിനുമാണ് ഇവിടെ പ്രസക്തി. അത് നാം തിരിച്ചറിയേണം. ആ തിരിച്ചറിവ് നമ്മെ സ്വഗ്ഗീയ സമ്പന്നതയിലേക്ക് എത്തിക്കും. മനുഷ്യന് ബുദ്ധി പഠിപ്പിക്കുവാൻ ചില മൃഗജാലങ്ങളെ ചൂണ്ടികാണിക്കുന്നു. അതിൽ ഒന്നാണ് ആകാശത്തിലെ പറവകൾ. കാക്കകളെ നോക്കുവിൻ അത് വിതക്കുന്നില്ല, കൊയ്യുന്നില്ല, അതിനു കളപ്പുരയും പാണ്ടികശാലയും ഇല്ല. എങ്കിലും ദൈവം അതിനെ പുലർത്തുന്നു. പറവജാതിയെക്കാൾ എത്ര വിശേഷതയുള്ളവരാണ് മനുഷ്യൻ എന്ന് പറഞ്ഞിരിക്കുന്നു. മനുഷ്യന് കൂട്ടിവെക്കലിന് നീളം കൂട്ടുവാൻ അവന് കഴികയില്ല എന്ന സത്യം തിരുവചനം നമ്മെ പഠിപ്പിക്കുന്നു. ന്യായമായിട്ടല്ലാതെ ധനം സമ്പാദിക്കുന്നവൻ താൻ ഇടാത്ത മുട്ട പൊരുന്നിരിക്കുന്ന തിത്തിരി പക്ഷിയെപോലെയാകുന്നു. അവന്റെ മനുഷ്യായുസ്സിൽ അത് അവനെ വിട്ടുപോകും. ഒടുക്കം അവൻ ഭോഷനായിരിക്കും എന്നു യിരൃമ്യാവ് ഉപദേശം നൽകുന്നു. സ്വർഗ്ഗത്തിൽ കർത്താവ് നമുക്ക് വേണ്ടി ഒരുക്കിവെച്ചിരിക്കുന്ന അവകാശവും അതിന്റെ മഹത്വവും നാം ദർശിക്കണം. എന്തൊക്കെയാണ് നമ്മുടെ അവകാശങ്ങൾ?

> **കള്ളൻ അടുക്കുകയോ, പുഴു കെടുക്കയോ ചെയ്യാത്ത സ്വർഗ്ഗത്തിൽ പഴകിപോകാത്ത മടിശ്ശീലകളും തീർന്നുപോകാത്ത നിക്ഷേപവും നിങ്ങൾക്കു ഉണ്ടാക്കികൊൾവീൻ. നിങ്ങളുടെ നിക്ഷേപം ഉള്ളേടത്ത് നിങ്ങളുടെ ഹൃദയവും ഇരിക്കും. നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടും. ആയതിനാൽ ഈ സത്യം നാം മനസ്സിലാക്കി ദൈവം നമുക്ക് ഭൂമിയിൽ തരുന്ന ആയുസ്സും ആരോഗ്യവും സമ്പത്തും ധനവും മാനവും യജമാനന്റെ വേലയ്ക്കായി, ലോപമായി വിതക്കാതെ ധാരാളമായി വിതച്ച്, ധാരാളമായി കൊയ്യാം.**

**1. രാജ്യം നമ്മുടെ അവകാശം (മത്തായി 25:34).**

ദൈവം നമുക്ക് ഒരുക്കുന്നത് നിലനിൽക്കുന്ന രാജ്യമാകുന്നു. സ്വർഗ്ഗീയമായ ഒരു രാജ്യം നമുക്ക് അവകാശമായിരിക്കുമ്പോൾ ഈ നശിക്കുന്ന ലോകത്തിന്റെ അവകാശവും, അതിന്റെ മഹത്വവും, പദവിയും, അതിലെ അനാവശ്യ സ്വത്തും അനാവശ്യ ധനവും എന്തിനാണ് എന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

ദൈവം നമ്മെ ഈ (ലോകത്തിന്റെ ) ഇരുട്ടിന്റെ അധികാരത്തിൽ നിന്നും വിടുവിച്ചു വെളിച്ചത്തിലുള്ള അവകാശത്തിനായി പ്രാപ്തരാക്കി എന്ന് കൊലോസ്യ ലേഖനം നമ്മെ പഠിപ്പിക്കുന്നു. സകല ജാതികളെയും ന്യായം വിധിക്കുന്ന സമയം ചെമ്മരിയാടുകളെയും കോലാടുകളെയും തമ്മിൽ വേർതിരിക്കുംപോലെ വേർതിരിക്കുന്നു. തന്റെ വലത്തുള്ളവരോട് പറയുന്ന പദം വളരെ ശ്രദ്ധേയമാണ്; എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ, വരുവീൻ, ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കികൊള്ളുവിൻ(Inherit the kingdom prepared for you from the foundation of the world).

ഒരുക്കിയിരിക്കുന്ന രാജ്യം തന്റെ മക്കൾക്ക് അവകാശപ്പെട്ടതാണ്. ആയതുകൊണ്ട് നശിക്കുന്ന ഈ രാജ്യത്തിലെ നിക്ഷേപങ്ങൾ സ്വരൂപിക്കാതെയും അത് കൂട്ടാതെയും ഒരു വിശ്വാസി ഒരുക്കപ്പെട്ട ഒരു രാജ്യത്തിൽ നിക്ഷേപിക്കാം.

**2. പ്രതിഫലം നമ്മുടെ അവകാശം (കൊലോസ്യർ 3:24)**

(ശേഷം മൂന്നാം പേജിൽ)

# ടിവി ഓഫാക്കൂ, കുട്ടികൾക്കായി സമയം കണ്ടെത്തൂ: മാർപാപ്പ

ഭക്ഷണത്തിനിടെ ടിവി കാണുന്നതു കുടുംബാംഗങ്ങൾ തമ്മിലുള്ള ആശയവിനിമയത്തിനുള്ള അവസരം നഷ്ടമാക്കുന്നുവെന്നും ടെലിവിഷൻ ഓഫാക്കി സമാധാനത്തോടെ കൂടുബാംഗങ്ങളോട് സമയം പങ്ക് വയ്ക്കണമെന്ന ഫ്രാൻസിസ് മാർപാപ്പ ആഹ്വാനം ചെയ്തു. അർജന്റീനയിലെ *വിവ വാരികയ്ക്ക്* നൽകിയ അഭിമുഖത്തിലാണ് സന്തോഷവും സമാധാനവും നിറഞ്ഞ ജീവിതം നേടുവാൻ വേണ്ട ചില നിർദ്ദേശങ്ങൾ അദ്ദേഹം തന്റെ സ്വന്തം ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിൽ ലോകത്തോട് വിവരിച്ചത്. ആധുനിക കാലഘട്ടത്തിൽ ജീവിതത്തിന്റെ അർത്ഥമറിഞ്ഞുള്ള ചില നിർദ്ദേശങ്ങളാണ് ലോകജനതയ്ക്കാകെ അദേഹം നൽകുന്നത്.

ജീവിക്കുക, ജീവിക്കാൻ അനുവദിക്കുക. ഈ തത്വം എല്ലാവരും പ്രാവർത്തികമാക്കണം. മറ്റുള്ളവരോട് തുറന്ന മനസ്സും മഹാമനസ്കതയും പുലർത്തണം. ഉള്ളിലേക്കു സ്വയം വലിയുന്നവൻ സ്വാർത്ഥനായി മാറും. കെട്ടിക്കിടക്കുന്ന ജലം മലിനമാകുന്നതുപോലെ കെട്ടിയിട്ട മനസ്സും മലിനമാകും. ആയതിനാൽ ക്ഷോഭമില്ലാത്ത, ശാന്തമായ ജീവിതം നയിക്കുക.

ഉപഭോക്തൃ മനോഭാവം സമ്മാനിച്ചത് ആശങ്കകളാണ്. ആരോഗ്യകരമായ വിശ്രമവേളകൾ കണ്ടെത്തുക. കുട്ടികളുമൊത്ത് കളിക്കാനും തമാശകൾ പങ്കുവയ്ക്കാനും മാതാപിതാക്കൾ സമയം കണ്ടെത്തണം. ഞായറാഴ്ച കുടുംബത്തിനുവേണ്ടി മാറ്റി വയ്ക്കണം. ഈ ദിവസം ജോലിക്കാർക്കു ശമ്പളത്തോടെയുള്ള അവധിയായിരിക്കണം.

ചെറുപ്പക്കാർക്ക് അന്തസ്സുള്ള ജോലികൾക്കായി ക്രിയാത്മകവും നൂതനവുമായ മാർഗങ്ങൾ കണ്ടെത്തുക. ചെറുപ്പക്കാരുമായി നന്നായി ഇടപ്പെടുക. മെച്ചപ്പെട്ട സാഹചര്യങ്ങൾ ലഭ്യമല്ലെങ്കിൽ അവർ ലഹരിമരുന്നുകളിലേക്കും മറ്റ് അസാൻമാർഗ്ഗിക വഴികളിലേക്കും വഴുതിവീണു ജീവിതം തന്നെ അവസാനിപ്പിച്ചേക്കാം.

പ്രകൃതിയെ ബഹുമാനിക്കുകയും സംരക്ഷിക്കുകയും ചെയ്യണം. പ്രകൃതിശോഷണം ലോകം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിലൊന്നാണ്. പ്രകൃതിയെ വിവേചനമില്ലാതെ നിഷ്ഠൂരമായി ചൂഷണം ചെയ്യുന്നതിലൂടെ മനുഷ്യകുലം ആത്മഹത്യാപരമായ നിലപാടാണ് സ്വീകരിക്കുന്നത്.

നിഷേധാത്മക സമീപനം അവസാനിപ്പിക്കുക. മറ്റുള്ളവരെക്കുറിച്ചു നിഷേധാത്മകമായി സംസാരിക്കുന്നത് നമ്മുടെ ആത്മവിശ്വാസമില്ലായ്മയാണ് കാണിക്കുക. പോസിറ്റീവായ സംസാരത്തിലൂടെ നമ്മെത്തന്നെ ഉയർത്തുന്നതിനു പകരം മറ്റുള്ളവരെ വെട്ടിത്താഴെയിടുന്നതു പോലെയാണ് മോശമായ, നിഷേധാത്മകമായ സംസാരം. നെഗറ്റീവ് കാര്യങ്ങൾ ഒഴുവാക്കുന്നത് ആരോഗ്യം പ്രദാനം ചെയ്യും.

സമാധാനത്തിനായി പ്രവർത്തിക്കുക. യുദ്ധങ്ങളുടെ കാലഘട്ടത്തിലാണു നമ്മൾ ജീവിക്കുന്നത്. സമാധാനത്തിനായുള്ള ആഹ്വാനം പ്രഘോഷിക്കപ്പെടണം. സമാധനമെന്നതു നിശ്ശബ്ദമല്ല, ചലനാത്മകമാണ്.

മറ്റുള്ളവരുടെ വിശ്വാസത്തെ മാനിക്കുക, സ്വന്തം ജീവിത സാക്ഷ്യത്തിലൂടെ മറ്റുള്ളവരുമായി ആശയവിനിമയം ചെയ്യുമ്പോൾ നമ്മളും വളരും, മറ്റുള്ളവരും വളരും, അദ്ദേഹം കൂട്ടിച്ചേർത്തു.

(കടപ്പാട്: മലയാള മനോരമ)

## അറിയിപ്പ്

ചില സാങ്കേതിക കാരണങ്ങളാൽ തുടർപംക്തിയായ ഉറവ ഈ ലക്കം ഉൾപ്പെടുത്താൻ കഴിയാത്തതിൽ ഖേദിക്കുന്നു

പത്രാധിപ സമിതി




കോപ്പികൾക്ക് ബന്ധപ്പെടുക: Pr. M. Samuelkutty, Yash Niwas 101, A-Block , 96/E, Ward No: 2, Mehrauli, New Delhi-110 030

Good Samaritan Ministries
invite you all for
NayeeAsha
Masiah Satsang

Preacher: John Tharu, Kerala

AUG 2014
27, 28, 29
6 PM to 8.30 PM

Worship Lead by
Zion Worshipers

Venue: G. Block Park
Near Devoli More Bus stand
Dakshinpuri, M.B. Road,
New Delhi

Contact: 9968059770, 9560274773, 9953762833,9717856736, 9350921267, 9968716050
Good Samaritan Ministries
Balmiki Mohalla, Tughlakabad Village, New Delhi-44

Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442